വെള്ളപ്പൊക്കംമൂലം കൃഷിക്കുണ്ടായ നാശനഷ്ടം

1224. [1661] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഓരോ കൃഷിക്കുമുണ്ടായ നാശനഷ്ടങ്ങളുടെ വിവരങ്ങൾ പറയാമോ ;

(ബി) കൃഷി നശിച്ചവർക്ക് എന്ത് സഹായങ്ങൾ ചെയ്തു കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാർഷിക വായ്പ എടുത്തവർക്ക് അത് തിരിച്ചടയ്ക്കാനുള്ള കാലാവധി നീട്ടിക്കൊടുത്ത് ഈ ഇനത്തിലുള്ള ജപ്തി നടപടികൾ നിറുത്താൻ റവന്യൂ വകുപ്പിനോടാവശ്യപ്പെടുമോ ?

ഉത്തരം

(എ) നാശനഷ്ടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നെല്ല്	112064	ഹെക്ടർ
തെങ്ങ്	914	,,
വാഴ	7157	,,
പച്ചക്കറി	692	,,
കുരുമുളക്	5654	,,
കിഴങ്ങുവർഗ്ഗങ്ങൾ	2250	,,
കമുക്	131	,,
കൊക്കൊ	570	,,
മരച്ചീനി	9320	,,
ഇഞ്ചി	7009	,,
റബ്ബർ	368	,,
ഏലം	4500	,,
മധുരക്കിഴങ്ങ്	295	,,
കാപ്പി	480	,,
ആകെ	151404	,,

(ബി) പൂർണ്ണമായി കൃഷി നശിച്ച നെൽകൃഷി കർഷകർക്ക് ഒരു ഹെക്ടറിന് 300 രൂപയും വീണ്ടും കൃഷി ഇറക്കുന്നതിലേക്ക് വിത്തും വളവും സൗജന്യമായി നൽകുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രകൃതിക്ഷോഭംമൂലവും മറ്റും കൃഷിവിളകൾ നഷ്ടപ്പെട്ട കൃഷിക്കാർക്ക് ബാങ്കുകളിൽ നിന്നും മറ്റും എടുത്തിട്ടുള്ള കാർഷിക കടങ്ങൾ മടക്കി അയയ്ക്കുന്നതിന് കൂടുതൽ സമയം നീട്ടി കൊടുക്കുന്നതിനുള്ള റിസർവ് ബാങ്കിന്റെ നിർദ്ദേശം നിലവിലുണ്ട്.

കേരളാ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുമാവ് തോട്ടങ്ങൾ

1225. [1663] ശ്രീ. പി. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ എത്ര കശുമാവ് തോട്ടങ്ങളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ എവിടെയെല്ലാമാണ് ;

(സി) ഓരോ തോട്ടത്തിലും താൽക്കാലിക ജീവനക്കാർക്ക് എത്ര രൂപ വീതമാണ് പ്രതിദിനം കൂലി ?

ഉത്തരം

(എ) നാല് (4)

(ബി) കാസർകോഡ് ജില്ലയിൽപ്പെട്ട ചീമേനി, രാജപുരം, കാസരകോഡ് എന്നീ എസ്റ്റേറ്റുകളും പാലക്കാട് ജില്ലയിൽപ്പെട്ട മണ്ണാർക്കാട് എസ്റ്റേറ്റുമാണ്.

(സി) മേൽ സൂചിപ്പിച്ച എല്ലാ എസ്റ്റേറ്റുകളിലും തൊഴിലാളികളുടെ പ്രതിദിന വേതനം 16.60 രൂപയാണ്.

കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ അധികൃതരും തെങ്കരയിലെ കാഷ്യൂ പ്ലാന്റേഷനിലെ തൊഴിലാളി യൂണിയനും തമ്മിൽ നടന്ന എഗ്രിമെന്റ്

1226. [1664] ശ്രീ. പി. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ അധികൃതരും തെങ്കരയിലെ കാഷ്യൂ പ്ലാന്റേഷനിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി 29-6-1984 ൽ മലമ്പുഴവെച്ച് എന്തെങ്കിലും എഗ്രിമെന്റ് ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തെല്ലാമാണ്

(സി) ഇതിൽ എന്തെല്ലാം നടപ്പിലാക്കി ;

(ഡി) തൊഴിലാളി യൂണിയനുകളുമായി ഉണ്ടാക്കിയ എഗ്രിമെന്റ് നടപ്പിലാക്കാത്തവർക്കെതിരെ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) കോർപ്പറേഷൻ അധികൃതരും തൊഴിലാളി പ്രതിനിധികളും ചർച്ച നടത്തി ഗവൺമെന്റിന്റെയും ബോർഡിന്റെയും അംഗീകാരത്തിന് വിധേയമായി താഴെക്കൊടുത്ത തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(ബി) 1. നിലവിലുള്ള 100 തൊഴിലാളികളെ കോൺട്രാക്ട് സിസ്റ്റത്തിൽ നിന്നും ഒഴിവാക്കി മണ്ണാർക്കാട് എസ്റ്റേറ്റിലെ താല്ക്കാലിക തൊഴിലാളികളായി അംഗീകരിക്കുക.

2. പ്രസ്തുത തൊഴിലാളികൾക്ക് കോർപ്പറേഷന്റെ മറ്റു കശുമാവിൻ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന താൽക്കാലിക തൊഴിലാളികൾക്ക് നൽകുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകുക.

(സി) മുകളിൽപ്പറഞ്ഞ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം ഗവൺമെന്റ് നൽകിക്കഴിഞ്ഞു.

(ഡി) നടപടി എടുക്കേണ്ടുന്ന ആവശ്യമില്ല. കാരണം തീരുമാനം നടപ്പിലാക്കാനുള്ള നടപടി എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly